ണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള ധനസഹായം സംസ്ഥാന ബജറ്റിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടേയും ലഭിച്ചു വരുന്നു. പെരിയാർ വന്യജീവി സങ്കേതത്തിന്റെ സമഗ്ര വികസനത്തിനായി 'പ്രോജക്ട് ടൈഗർ' പദ്ധതിയും ഇന്ത്യ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഏഷ്യൻ ആനകളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച പ്രോജക്ട് എലിഫന്റ് പദ്ധതിയും സംരക്ഷിത മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്. 100% കേന്ദ്രസഹായമുള്ള നീലഗിരി ജൈവമേഖല സംരക്ഷണ പദ്ധതി (എൻ.ബി. ആർ) വയനാട് വന്യജീവി സങ്കേതത്തിലും, സൈലന്റ് വാലി ദേശീയോദ്യാനത്തിലും നടപ്പിലാക്കി വരുന്നു. ലോകബാങ്ക് സഹായമുള്ള കേരളാ ഫോറസ്ട്രി പ്രോജക്ട് മുഖേന ജൈവ വൈവിദ്ധ്യ സംരക്ഷണ പരിപാടികൾ എല്ലാ സംരക്ഷിത മേഖലകളിലും നടപ്പിലാക്കി വരുന്നു.

(സി) നാഷണൽ പാർക്കുകളുടെയും വന്യമൃഗ സങ്കേതങ്ങളുടെയും വികസനത്തിന് 1998-99-ൽ ആകെ 1479.88 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ഇതിൽ കേന്ദ്രവിഹിതമായി 1054.14 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) വന്യജീവി സങ്കേതങ്ങളുടെ വികസനത്തിനായി 2086.52 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 1185 ലക്ഷം രൂപ കേന്ദ്രവിഹിതവും 901.52 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്.

(എഫ്) കണ്ടക്ടഡ് ടൂർ ഉൾപ്പെടെയുള്ള വനദർശൻ പരിപാടികൾ നിർദ്ദിഷ്ട ഇക്കോ ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ സംരക്ഷിത മേഖലകളിലും അവശ്യംവേണ്ട താൽക്കാലിക താമസസൗകര്യങ്ങൾ ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അനുസൃതമായും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(എച്ച്) നാഷണൽ പാർക്കുകളെയും വന്യമൃഗസങ്കേതങ്ങളെയും വന്യജീവി സംരക്ഷണ സംബന്ധമായ കാര്യങ്ങളെയും കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്തുവരുന്നുണ്ട്.

7 (*213) വിത്തിനങ്ങളുടെ ലഭ്യത

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ വിത്തിനങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഒരു വിത്തുനയത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) ഇല്ല. എങ്കിലും വിത്തുൽപ്പാദനം, സംഭരണം, സംസ്കരണം, വിതരണം ഇവ ഏകോപിപ്പിച്ചുകൊണ്ട് ഒരു വിത്തു വികസന അതോറിറ്റിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

8 (*214) റബ്ബർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. രാജു എബ്രഹാം :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സ്വാഭാവിക റബ്ബറിന്റെ ഉപയോഗം സംസ്ഥാനത്ത് പരമാവധി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) റബ്ബർ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ പരമാവധി സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് റബ്ബർബോർഡ് വിവിധ ഏജൻസികൾ വഴി നടപടി സ്വീകരിക്കുമോ;

(ഇ) റബ്ബർ വിലയിടിവ് തടയുന്നതിന്റെ ഭാഗമായി രാജ്യത്തെ ടയർ കമ്പനിക്കാർ സ്വാഭാവിക റബ്ബർ തന്നെ വാങ്ങണമെന്ന നിർദ്ദേശം നടപ്പാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്നിവ ഉൽപ്പാദിപ്പിക്കുന്ന മൊത്തം ലാറ്റക്സിന്റെ 25% കയറ്റി അയയ്ക്കാനും അതിൽ നഷ്ടം ഉണ്ടായാൽ ആ നഷ്ടം സർക്കാർ വഹിക്കാനും ഉത്തരവായിട്ടുണ്ട്. 50,000 മെട്രിക് ടൺ റബ്ബർ സിംഗപ്പൂരിലേക്ക് കയറ്റി അയയ്ക്കുന്നതിനെ സംബന്ധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുവാൻ റബ്ബർ ബോർഡിന് അനുമതി നൽകുകയും ഇത് മോണിറ്റർ ചെയ്യുവാൻ അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിന് വേണ്ടിയുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ റബ്ബർ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ടു നൽകുകയും ചെയ്തിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്. റോഡ് റബ്ബറൈസ്ഡ് ചെയ്യുന്നതിനെ സംബന്ധിച്ച് പൊതുമരാമത്ത് തദ്ദേശസ്വയംഭരണ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly